**No. CEE/5454/2018/KEAM-2019/TA1**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

# KEAM- 2019

## എം.ബി.ബി.എസ്. കോഴ്സിലേയ്ക്കുള്ള മോപ്–അപ്പ് കൗൺസലിംഗ്

കേരളാ മെഡിക്കൽ റാങ്ക് ലിസ്റ്റിൽ നിന്നുള്ള രണ്ടാം ഘട്ട അലോട്ട്മെന്റിന് ശേഷം ഒഴിവു വരുന്ന എം.ബി.ബി.എസ് സീറ്റുകളിലേയ്ക്ക് മോപ്–അപ്പ് കൗൺസലിംഗ് ആഗസ്റ്റ് 7, 8 തീയതികളിലായി നടത്തുന്നു. തിരുവനന്തപുരത്തെ കാര്യവട്ടം സ്പോർട്സ് ഹബിലെ ട്രാവൻകൂർ ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ വച്ച് ആഗസ്റ്റ് 7–ാം തീയതി രാവിലെ പത്ത് മണിയ്ക്കാണ് മോപ്–അപ്പ് കൗൺസലിംഗ് തീരുമാനിച്ചിട്ടുള്ളത്. കേരള മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് മാത്രമാണ് പങ്കെടുക്കാൻ അവസര മുള്ളത്. ബി.ഡി.എസ് കോഴ്സിലേയ്ക്കുള്ള മോപ്–അപ്പ് കൗൺസലിംഗ് ഇതിനോടൊപ്പം നടത്തുന്നതല്ല.

പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് പ്രകാരം ഏതെങ്കിലും കോഴ്സി ലോ, കോളേജിലോ പ്രവേശനം നേടിയ വിദ്യാർത്ഥികൾ ബന്ധപ്പെട്ട കോളേജിൽ നിന്നുള്ള എൻ.ഒ.സി, രേഖകളുടെ പൊസഷൻ സർട്ടിഫിക്കറ്റ്, യോഗ്യതാ സർട്ടിഫിക്ക റ്റിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോ ട്ട്മെന്റ് മുഖാന്തിരം അഡ്മിഷൻ ലഭിക്കാത്ത വിദ്യാർത്ഥികൾ റ്റി.സി ഉൾപ്പെടെ മറ്റ് ആവശ്യ മായ രേഖകൾ എന്നിവയുടെ അസൽ സഹിതമാണ് മോപ്–അപ്പ് ന് ഹാജരാകേണ്ടത്. എൻ.ആർ.ഐ ക്വാട്ടയിൽ സീറ്റുകൾ ഒഴിവ് വരുന്ന പക്ഷം, അതിലേയ്ക്ക് പരിഗണിക്കുന്ന തിന് ബന്ധപ്പെട്ട ഒറിജിനൽ രേഖകൾ മോപ്–അപ്പ് സമയത്ത് ഹാജരാക്കേണ്ടതാണ്. മോപ്–അപ്പ് കൗൺസലിംഗിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്കുള്ള വിശദമായ നിർദ്ദേ ശങ്ങളടങ്ങിയ വിജ്ഞാപനം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ: 0471-2332123, 2339101, 2339102, 2339103 & 2339104 (10 am-5pm)**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
02.08.2019